എ1/133/2024

താലൂക്ക് ആസ്ഥാന ആശുപത്രി ചിറ്റൂർ
തിയതി:18-10-2024
ഇമെയിൽ ghchittur@gmail.com
ഫോൺ:- 04923-222385

_

**<u>ഷോർട്ട് റി - ടെണ്ടർ നോട്ടീസ്</u>**

ചിറ്റൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ JSSK മാതൃയാൻ പദ്ധതിയുടെ ഭാഗമായി 01/11/2024 മുതൽ 31/03/2025 വരെയുള്ള കാലയളവിലേക്ക് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കൊണ്ട് പ്രസവം കഴിഞ്ഞ അമ്മയെയും കുഞ്ഞിനെയും അവരുടെ സ്വന്തം വീട്ടുകളിൽ എത്തിക്കുന്നതിനായി 4 പേർക്ക് ഇരിക്കാവുന്ന 1200-1500 സി സി യക്ക് താഴെയുള്ള വാഹന ഉടമകളിൽ നിന്നും 2 വാഹനത്തിന് ടെൻഡർ ക്ഷണിച്ചുകൊള്ളുന്നു

1. 01/11/2024 മുതൽ 31/03/2025 വരെ 5000 കിലോമീറ്ററിന് എത്ര രൂപ യെന്നതും അതിന് ശേഷം വരുന്ന ഓരോ കിലോമീറ്ററിന് എത്ര രൂപയെന്നതും പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ് .
2. 2 വാഹനങ്ങളുടെയും വിശദ വിവരങ്ങൾ (RC ബുക്ക്, ഇൻഷ്വറൻസ് , ടാക്സ്, pollution certificate) എന്നിവ ടെണ്ടർ സമർപ്പിക്കുമ്പോൾ തന്നെ ഉൾപ്പെടുത്തി നൽകേണ്ടതാണ് .
3. ടെണ്ടർ ഫോം വാങ്ങുന്നത് ആരാണോ അവരുടെ പേരിൽ ഒരു വാഹനമെങ്കിലും രജിസ്റ്റർ ചെയ്തിട്ടുള്ളതാകണം
4. അമ്മയെയും കുഞ്ഞിനെയും യാതൊരു ബുദ്ധിമുട്ടുകളും കൂടാതെ അവരുടെ സ്വന്തം വീട്ടുകളിൽ ജില്ലയ്ക്ക് അകത്തും പുറത്തും, തമിഴ്നാട് അതിർത്തി പങ്കിട്ട് കിടക്കുന്ന ആരോഗ്യ സ്ഥാപനമായതിനാൽ അവർ ആവശ്യപ്പെടുന്ന പക്ഷം യാത്ര സൌകര്യം സംസ്ഥാനത്തിന് പുറത്തും ഏർപ്പെടുത്തേണ്ടതാണ് .
5. കൂടുതൽ ഡിസ്ചാർജ് ഉള്ള പക്ഷം സ്വന്തം ഉത്തരവാദിത്വത്തിൽ വാഹനം ഏർപ്പാടാക്കി അമ്മയെയും കുഞ്ഞിനെയും സുരക്ഷിതമായി അവരുടെ വീട്ടുകളിൽ എത്തിക്കേണ്ടതാണ് .
6. ടെണ്ടർ സമർപ്പിക്കുമ്പോൾ കവറിന് പുറത്ത് 'മാതൃയാൻ പദ്ധതി 'എന്ന് രേഖപ്പെടുത്തണം
7. **ടെണ്ടർ ഫോറത്തിന്ടെ വില 779/- രൂപ 24/10/2024 തീയതി ഉച്ചയ്ക്ക് 3.00** മണിക്കുള്ളിൽ ഓഫീസിൽ ഒടുക്കി ടെൻഡർ ഫോറം വാങ്ങി sealed കവറിൽ ആക്കി അന്നേ ദിവസം (24/10/2024 )വൈകുന്നേരം 5.00 മണിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ് . സമയവും തീയതിയും യാതൊരു കാരണവശാലും ദീർഘിപ്പിച്ച് തരുന്നതല്ല .
8. ടെണ്ടർ ഫോറത്തിൽ രേഖപ്പെടുത്തിയ തുകയുടെ 2.5% തുകയ്ക്കുള്ള നിരദ ദ്രവ്യം സൂപ്രണ്ടിന്റെ പേരിൽ ഡി.ഡി ആയി ടെണ്ടർ സമർപ്പിക്കുമ്പോൾ ഉൾക്കൊള്ളിക്കേണ്ടതാണ് .
9. ടെണ്ടർ ലഭിക്കുന്ന വ്യക്തി കേന്ദ്ര / സംസ്ഥാന മോട്ടോർ വാഹന ചട്ട / നിയമ പ്രകാരമുള്ള നിബന്ധനകൾ പാലിച്ച് കൊണ്ടുള്ള വാഹനങ്ങൾ മാത്രമേ ഉപയോഗിക്കാവൂ .
10. ടെൻഡർ ലഭിക്കുന്ന വ്യക്തി വാഹനത്തിന്റെ കരാറിൽ ഏർപ്പെടുമ്പോൾ, വാഹനത്തിൽ ഏർപ്പാടാക്കുന്ന ഡ്രൈവറുടെ വിശദ വിവരങ്ങൾ (ഡ്രൈവിങ് ലൈസൻസ് , ആധാർ, ഗസറ്റഡ് ഓഫീസറുടെ പക്കൽ നിന്നുള്ള സ്വഭാവ സാക്ഷ്യപത്രം) എന്നിവയുടെ പകർപ്പും ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ് .
11. കരാർ കാലയളവിൽ വാഹനത്തിനോ ഡ്രൈവർക്കോ ഏതെങ്കിലും തരത്തിൽ മാറ്റങ്ങൾ വരുകയാണെങ്കിൽ ആയത് രേഖാമൂലം സ്ഥാപന മേധാവിയെ അറിയിക്കേണ്ടതാണ് . ടെണ്ടർ ചിറ്റൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നേരിട്ടോ തപാൽ മുഖേനയോ നിർദ്ദിഷ്ട സമയ

പരിധിക്കുള്ളിൽ സമർപ്പിക്കാവുന്നതാണ് .

12. ടെണ്ടർ ലഭിച്ച വാഹന ഉടമകൾ 200 രൂപയുടെ കേരള സർക്കാർ മുദ്രപത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടതാണ്.
13. ഏറ്റവും കുറവ് തുക രേഖപ്പെടുത്തുകയും ടെണ്ടറിൽ പറഞ്ഞ പ്രകാരമുള്ള വാഹന രേഖകൾ ഹാജരാക്കുകയും ചെയ്യാത്ത പക്ഷം പ്രസ്തുത ടെണ്ടർ നിരാകരിക്കുന്നതാണ് .
14. ടെണ്ടറിൽ രേഖപ്പെടുത്തിയ വാഹനം തന്നെ ഓടേണ്ടതും , ഓടുന്നതിന്റെ വിശദാംശങ്ങൾ ലോഗ് ബുക്കിൽ ദിവസേന രേഖപ്പെടുത്തി ബന്ധപ്പെട്ട സീനിയർ നേഴ്സിങ് ഓഫീസർ സാക്ഷ്യപ്പെടുത്തി നല്കുകയും , എല്ലാ മാസവും ആദ്യ പ്രവർത്തി ദിവസങ്ങളിൽ ഓടിയ രേഖകൾ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ് . ആയത് ലോഗ് ബുക്ക് പരിശോധിച്ച് സൂപ്രണ്ട് അല്ലെങ്കിൽ സൂപ്രണ്ട് ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അതാത് മാസം ലോഗ് ബുക്ക് ക്ലോസിങ് സാക്ഷ്യപ്പെടുത്തേണ്ടതാണ് .

**ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി 24/10/2024 ന് വൈകുന്നേരം 5.00 മണി വരെ ആയിരിക്കും ടെണ്ടർ 25/10/2024 ന് രാവിലെ 11.00 മണിക്ക്** അപ്പോൾ ഹാജരായിരിക്കുന്ന ടെണ്ടർ സമർപ്പിച്ച വാഹന ഉടമകളുടെ സാന്നിധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതായിരിക്കും . നിലവിലുള്ള എല്ലാ ടെണ്ടർ നിബന്ധനകളും ഈ ടെണ്ടറിനും ബാധകമായിരിക്കും , ടെണ്ടർ സ്വീകരിക്കുന്നതിനോ,നിരസിക്കുന്നതിനോ, മാറ്റി വെക്കാനോ ഉള്ള അന്തിമ തീരുമാനം സൂപ്രണ്ടിൽ നിക്ഷിപ്തമാണ് .

**Signed by Anilkumar N**
**Date: 18-10-2024 14:51:54**

സൂപ്രണ്ട്
താലൂക്ക് ആസ്ഥാന ആശുപത്രി ചിറ്റൂർ

പകർപ്പ്

1. ആരോഗ്യ വകുപ്പ് ഡയറക്ടർ തിരുവനന്തപുരം (വെബ് സൈറ്റിൽ ഇടുന്നതിനായി )
2. നോട്ടീസ് ബോർഡ്
3. ചിറ്റൂർ തത്തമംഗലം നഗരസഭ (നോട്ടീസ് ബോർഡ്)
4. താലൂക്ക് ആഫീസ് ചിറ്റൂർ ( നോട്ടീസ് ബോർഡ്)
5. വില്ലേജ് ആഫീസ് ചിറ്റൂർ ( നോട്ടീസ് ബോർഡ് )
6. ഫയൽ / കരുതൽ